പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 2343 14.06.2019 ലെ മറുപടിക്ക്

**കയർ ഉല്പന്നങ്ങളുടെ വിപണന പ്രവർത്തനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.സത്യൻ<br>ശ്രീ.വി. ജോയി<br>ശ്രീമതി യു. പ്രതിഭ<br>ശ്രീ.എം. നൗഷാദ് | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്ത് കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | എ) കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സർക്കാർ കയർമേഖലയുടെ രണ്ടാം പുനസംഘടന നടപ്പിലാക്കുകയാണ്. ചകിരി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനായി ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്ന പദ്ധതി, കയർ ഉൽപ്പാദനത്തെ ആധുനികവത്ക്കരിക്കുന്നതിന് സമ്പൂർണമായ യന്ത്രവത്ക്കരണം, ഉൽപ്പന്ന മേഖലയിൽ ആധുനികവത്ക്കരണം ഇവയാണ് കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ.<br>സംസ്ഥാനത്ത് ഇതിനോടകം തന്നെ 75 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചു കഴിഞ്ഞു. 25 ഡി.എഫ്. മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. കയർ സഹകരണ സംഘങ്ങളിൽ യന്ത്രവത്ക്കരണത്തിൻറെ ഭാഗമായി 3576 എണ്ണം ഇലക്ട്രോണിക് റാട്ടുകൾ നൽകി കഴിഞ്ഞു. കൂടാതെ 10/20 ക്രമത്തിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് സഹകരണ സംഘങ്ങളെ ഫാക്ടറി ടൈപ്പ് സംഘങ്ങളാക്കി നവീകരിക്കുന്ന നടപടികളും ആരംഭിച്ചിട്ടുണ്ട്. ആലപ്പുഴ, വൈക്കം പ്രോജക്ടുകളിൽ കയർ സഹകരണ സംഘങ്ങളിൽ യന്ത്രവത്ക്കരണത്തിൻറെ ഭാഗമായി ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചു തുടങ്ങിയിട്ടുണ്ട്. ആലപ്പുഴ ജില്ല കേന്ദ്രീകരിച്ചാണ് പ്രാധാനമായും ഉൽപ്പന്ന നിർമ്മാണ മേഖല പ്രവർത്തിക്കുന്നത്. എൻ.സി.ഡി.സി.യുടെ |

| | |
|---|---|
| | സഹായത്തോടെ ആലപ്പുഴ പ്രോജക്റ്റിനു കീഴിലുള്ള മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽ ആധുനിക യന്ത്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| ബി) വിവിധ വിപണന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | ബി) കയർ ജിയോടെക്സ്റ്റെയിൽസ് പദ്ധതി, കയർ കാർണിവൽ, കയർ മാർക്കറ്റിംഗ് കമ്പനി രൂപീകരിക്കൽ, ബയന്റർലെസ്സ് കയർ കോമ്പോസിറ്റ് ബോർഡ് ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടി ഇവയാണ് വിപണി വർദ്ധിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ.<br>സംസ്ഥാനത്ത് കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും വിപണി വർദ്ധിപ്പിക്കുന്നതിനും സുസ്ഥിരമായി നിലനിൽക്കുന്നതിനും സർക്കാർ വലിയ പരിഗണന നൽകുന്നു. "കയർ കേരള 2017 " അന്താരാഷ്ട്ര കയർ മേളയിൽ വച്ച് 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതി ഗ്രാമ പഞ്ചായത്തുകളും എം.ജി.എൻ.ആർ.ഇ.ജി.എസ്. -മായി ചേർന്ന് ഒപ്പുവച്ചതാണ് ഏറ്റവും ശ്രദ്ധേയമായ നടപടി. ഇതുവഴി കയർ മേഖലയിലും കയർ ഉൽപ്പന്ന മേഖലയിലും സംഭരണത്തിലും വിതരണത്തിലും ഗണ്യമായ പുരോഗതിയും കൂടുതൽ തൊഴിൽ ദിനങ്ങളും സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 2017-18, 2018-19 സാമ്പത്തിക വർഷത്തിൽ 5608011 സ്ക്വയർ മീറ്റർ കയർ ഭൂവസ്ത്രവും കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ് സ് (ഇന്ത്യ) ലിമിറ്റഡ് തുടങ്ങിയ കയർ പൊതുമേഖലാ സ്ഥാപനങ്ങൾ വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. കയർ ഉൽപ്പന്ന വിപണനത്തിനായി "കയർകാർണിവൽ 2017"നടപ്പിലാക്കുകയുണ്ടായി. ഈ പദ്ധതിയിലൂടെ 127 ബ്രാൻഡ് ഔട്ട്ലെറ്റുകളിലൂടെ സംസ്ഥാനത്താകെ 9 തെരഞ്ഞെടുക്കപ്പെട്ട ഹാൻഡ് ലൂം പ്രൊഡക്റ്റുകൾ 50% സബ്സിഡി നൽകി വിറ്റഴിച്ചു. 15 കോടി രൂപയുടെ കയർ ഉൽപ്പന്നങ്ങൾ ഇതുവഴി വിതരണം ചെയ്തു. ആകർഷകമായ സമ്മാനങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. |

| | |
|---|---|
| സി) പുതിയ മാർക്കറ്റിംഗ് തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനും പരസ്യ പ്രചരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | സി)&ഡി) കയറിന്റെയും പ്രകൃതിദത്തനാരുകളുടെയും അന്തർദേശീയ പ്രദർശനമേളയായ "കയർ കേരള"-യോട് അനുബന്ധിച്ച് വിപുലമായ പ്രചാരണ പ്രവർത്തനങ്ങളാണ് എല്ലാ വർഷവും നടത്തി വരുന്നത്. എന്നാൽ 2018 ൽ പ്രളയം ബാധിച്ചതിനെത്തുടർന്ന് മേള നടത്തുവാൻ കഴിഞ്ഞിട്ടില്ല. കയർ പൊതുമേഖലാ സ്ഥാപനങ്ങളായ കയർഫെഡും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനും ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡും തങ്ങളുടെ ഉൽപ്പന്നങ്ങൾ സംബന്ധിച്ച് മികച്ച രീതിയിൽ പരസ്യ പ്രചരണങ്ങൾ നടത്തുന്നുണ്ട്. സംസ്ഥാനത്ത് എല്ലാ പ്രാദേശിക ഉത്സവകാലങ്ങളിലും കയർ ഉൽപ്പന്നങ്ങളുടെ വിപണന മേള കയർ പൊതുമേഖലാ സ്ഥാപനങ്ങൾ സംഘടിപ്പിച്ചു വരുന്നു. കൽക്കട്ടയിൽ വച്ച് 2019 ൽ നടന്ന നാച്വറൽ ഫൈബറുകളുടെ സെമിനാറിൽ കയർഫെഡിൽ നിന്നും കയർ ഡയറക്ടറേറ്റിൽ നിന്നും ഉദ്യോഗസ്ഥർ പങ്കെടുക്കുകയുണ്ടായി. സെമിനാറിൽ പങ്കെടുത്ത ഫ്രാൻസിൽ നിന്നെത്തിയ സംഘം കയർ ജിയോ ടെക്സ്റ്റൈയിൽസ് ഇറക്കുമതി ചെയ്യുന്നതിന് കയർഫെഡുമായി ധാരണ ആയിട്ടുണ്ട്. കയർ മാർക്കറ്റിംഗ് കമ്പനി പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതോടെ എല്ലാത്തരത്തിലുമുള്ള നൂതന സാങ്കേതികമാർഗ്ഗങ്ങളും പരസ്യ പ്രചരണത്തിന് ഉപയോഗപ്പെടുത്താനാകും. വിവിധ മേളകളിൽ പങ്കെടുക്കുക വഴി കയർ ഉൽപ്പന്നങ്ങൾക്ക് കൂടുതൽ വിദേശ ഓർഡറുകൾ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| ഡി) ഇതിന്റെ ഭാഗമായി എക്സിബിഷനുകൾ, കാർണിവൽ മുതലായവ സംഘടിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ